Reg. No. : ..............................

Name : ..................................

**Fourth Semester B.A. Degree Examination, July 2023**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course IV**

**ML 1441 : ആധുനിക മലയാളകവിത**

**(2021 Admission)**

Time : 3 Hours Max. Marks

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ആത്മീയതലത്തിൽ ആശാനിൽ സ്വാധീനം ചെലുത്തിയ ആൾ.

2. ചങ്ങമ്പുഴ 'ഗീതഗോവിന്ദ'ത്തിന് നൽകിയ പരിഭാഷ.

3. വയലാർ സമരത്തിന്റെ പശ്ചാത്തലത്തിൽ പി. ഭാസ്ക്കരൻ രചിച്ച കൃതി ?

4. ദ്രാവിഡപാരമ്പര്യത്തിന്റെ കവിയെന്നറിയപ്പെടുന്ന മലയാളകവി.

5. 'കറുത്ത ചെട്ടിച്ചികൾ' ആരുടെ കവിതയാണ് ?

6. 'ആയിഷ' ആരുടെ ആഖ്യാനകാവ്യമാണ് ?

7. 'കവിതയും ജനതയും' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

8. 'കാച്ചിക്കുറുക്കിയ കവിത' എന്നറിയപ്പെടുന്നത് ആരുടെ കവിതയാണ് ?

P.T.

9. 'മേഘരൂപൻ' എന്ന കവിത ആരെക്കുറിച്ചുള്ളതാണ്.

10. ഇടപ്പള്ളി രാഘവൻപിള്ളയുടെ അവസാനകൃതിയായി കണക്കാക്കുന്നത്.

**(10 × 1 = 10 Ma**

II. **അമ്പതു വാക്കിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. "തൊണ്ടയിടറുകയും കണ്ണുകലങ്ങുകയും ചെയ്യുമ്പോൾ
ഞാനെന്റെ വൃത്തവും പ്രാസവും മറന്നുപോകുന്നു. " – സന്ദർഭം വിശദമാക്കുക.

12. "രണ്ടു മിഴികളിലമ്പരപ്പും
രണ്ടു മിഴികളിൽ സ്നേഹവായ്പും
ഏന്തിത്തുളുമ്പും തുളുമ്പലുകൾ
ഏറെയുമില്ല കുറവുമില്ല." കാരണമെന്ത് ?

13. "പിരികയാണിതാ, ഞാനൊരധഃകൃതൻ
കരയുവാനായ്പ്പിറന്നൊരു കാമുകൻ ! " – ഇങ്ങനെ പറയാൻ കാരണമെന്ത്?

14. "കാലമിനിയുമുരുളും, വിഷുവരും
വർഷം വരും, തിരുവോണം വരും പിന്നെ-
യോരോ തളിരിനും പൂവരും കായ്‌വരും - അപ്പോ-
ളാരെന്നുമെന്തെന്നുമാർക്കറിയാം ! " – സന്ദർഭം വിശദമാക്കുക.

15. "ആരോ പറഞ്ഞു
മുറിച്ചുമാറ്റാം കേടു-
ബാധിച്ചൊരവയവം
പക്ഷേ, കൊടുംകേടു
ബാധിച്ച പാവം മനസ്സോ"?– ആശയം വിശദമാക്കുക.

16. "തത്തുകെന്നാത്മാവിങ്കൽ-
ക്കൊത്തുകെൻ ഹൃദന്തത്തിൽ ! "– എന്താണ് സൂചിപ്പിക്കുന്നത്?

17. “ചാരേ

പടരുന്നതു മുല്ലവള്ളിയോ പൂത്തു-

വിടരുന്നതു പൂവോ നിൻ നറുംമുല-

പ്പാലോ ! ” – ചമത്ക്കാരഭംഗി വിശദമാക്കുക.

18. “ഹാ പരിചിതമല്ലോ കടലാസ്സാരണ്യത്തിൽ

വ്യാപരിയ്ക്കുമീ നമ്മൾക്കീ ഹരിതമാം ഹർഷം” – സന്ദർഭം വിശദീകരിക്കുക.

19. “കാര്യങ്ങളെന്തൊക്കെയായാലും

നാലുപേർ കൂടുന്ന കാര്യമല്ലേ ! ” എന്താണ് കാര്യം ? സന്ദർഭം വിശദീകരിക്കുക ?

20. “വ്യർത്ഥമായാവർത്തിപ്പൂ-

വ്രണിത പ്രതീക്ഷയാൽ

മർത്ത്യനിപ്പദം രണ്ടും” – എന്താണ് മർത്ത്യൻ ആവർത്തിക്കുന്ന രണ്ട് പദങ്ങ
വിശദീകരിക്കുക ?

21. “ഉണ്ടോ ഗുണം ? കൊൾവിനതൊന്നുമാത്ര -

മുൽപ്പത്തിയും വംശവുമാരുകണ്ടു? ” – എന്താണ് സൂചിതം ?

22. “ഒരുനിശ്ചയമില്ലയൊന്നിനും

വരുമോരോ ദശവന്നപോലെ പോം

വിരയുന്നു മർത്ത്യനേതിനോ

തിരിയാ ലോക രഹസ്യമാർക്കുമേ. ” – വിശദമാക്കുക.

**(8 × 2 = 16 Marl**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. പ്രാസവാദം എന്നാലെന്ത്? വിശദമാക്കുക?

24. ആഖ്യാന കവിതകളുടെ സവിശേഷതകളെന്തെല്ലാം?

25. ‘പാസ്റ്ററൽ എലിജി’ എന്നാലെന്ത്?

26. ആധുനികകവിതയുടെ എന്തെല്ലാം സവിശേഷതകളാണ് ‘ഓർമ്മകൾ മറയുന്നത്’ എ
കവിതയിലുള്ളത്?

27. "വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ" – ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

28. 'ഉപ്പ്' എന്ന കവിതയിൽ പ്രതീകവൽക്കരിക്കപ്പെടുന്നതെന്ത് ?

29. രാത്രിമഴയെ എന്തെല്ലാം ആയിട്ടാണ് കവയത്രി രൂപണം ചെയ്തിരിക്കുന്നത് ?

30. 'ചാക്കാല'യിലൂടെ കവി മുന്നോട്ടു വയ്ക്കുന്ന ദർശനമെന്ത് ?

31. 'സുഫല' എന്ന കവിതയുടെ പ്രമേയപരമായ സവിശേഷതകളെന്തെല്ലാം ?

(6 × 4 = 24 Marks)

IV. മൂന്നുറു വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. കാല്പനികതയുടെ സവിശേഷതകളെന്തെല്ലാം? കവിത്രയ കവിതകളിൽ ഇതെങ്ങനെ പ്രതിഫലിക്കുന്നു?

33. കവിത്രയാനന്തര കവിതകളുടെ പ്രമേയപരിസരങ്ങൾ ഏതെല്ലാം? അതിന്റെ സവിശേഷതകൾ വ്യക്തമാക്കുക?

34. പുതിയ ദർശനങ്ങളുടെയും ആശയങ്ങളുടെയും കടന്നുവരവ് എൻ. എൻ. കക്കാടിന്റെ 'സഫലമീയാത്ര'യെയും സച്ചിദാനന്ദന്റെ സത്യവാങ്മൂലത്തെയും എങ്ങനെ സ്വാധീനിക്കുന്നു?

35. ആധുനികാനന്തര കവിതയുടെ സവിശേഷതകൾ എന്തെല്ലാം? ലളിതാലെനിനിന്റെ 'ദ്രൗപദി', കെ.ആർ. ടോണിയുടെ 'ആട്ടംനോട്ടം' ഈ കവിതകളെ അടിസ്ഥാനമാക്കി വിശദമാക്കുക?

(2 × 15 = 30 Marks)

---

COLLEGE LIBRARY MAVELIKARA PIN-690110 KERALA